**വിവരാവകാശം / മറുപടി**

നം. H3/30939/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 31..8..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ശ്രീ. ലിജു. ജെ
സി.കെ. ഭവൻ
മുണ്ടക്കൽ ഈസ്റ്റ്
കൊല്ലം - 691001

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :1) താങ്കളുടെ 3/7/17 തീയതിയിലെ അപേക്ഷ.
:2) 31/7/17തീയതിയിലെ 427/ഡി2/2017/സാനീവ നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ ആവശ്യപ്പെട്ടിരുന്ന ചോദ്യങ്ങളുടെ മറുപടി ചുവടെ ചേർക്കുന്നു.

1) Cerebral Palsy, Mental Retardation & Multiple Disabilties എന്നീ വൈകല്യമുൾപ്പെടെയുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

2) ടി വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ ഉത്തരവുകളൊന്നും നിലവിലില്ല.

3) മേൽ വൈകല്യമുള്ളവരുടെ വസ്തുക്കൾ വിൽക്കുന്നതിനും മറ്റ് ക്രയവിക്രയങ്ങൾക്കുമായി വിവിധ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉൾക്കൊളളിക്കുന്നു.

4) ടി വൈകല്യമുള്ള കുട്ടികൾക്കായുള്ള ട്രസ്റ്റ്, സംഘടനകൾ എന്നിവയുടെ വിശദാംശങ്ങൾ ഈ കാര്യലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

5) ടി വൈകല്യമുള്ളവരുടെ പുനരധിവാസം, ക്ഷേമം, ചികിത്സ, പഠനം, തൊഴിൽ പരിശീലനം എന്നിവ ഉറപ്പ് വരുത്തുന്നതിനായി വിവിധ പരിപാടികൾ വകുപ്പു മുഖേന നടപ്പാക്കി വരുന്നു. എന്നാൽ ടിയാർക്ക് വീട് വയ്ക്കുന്നതിനോ ലോൺ എടുക്കുന്നതിനോ വകുപ്പ് തലത്തിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിയ്ക്ക് ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരി</u>

അഡീഷണൽ ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**H സെക്ഷൻ**